**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3700** **09-10-2025 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് മണ്ഡലത്തിൽ നവോദയ കുന്നിൽ കൃഷിവകുപ്പിന് കീഴിലുള്ള ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; | (എ) | **ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിൽ അഗ്രോ പ്രോസസ്സിംഗ് ആൻഡ് വാല്യൂ അഡിഷൻ (2 സെമസ്റ്റർ), ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാന്റ് ടെക്നോളജി (1 സെമസ്റ്റർ) എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് സ.ഉ.(കൈ) നമ്പർ 26/2021/കൃഷി, തീയതി 13/02/2021 പ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് ASAPന്റെ അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടി എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . സർക്കാർതലത്തിൽ കോഴ്സുകൾ തുടങ്ങുകയാണെങ്കിൽ Guest Faculties -നെ അവരുടെ തനത് ജോലികൾക്ക് ഭംഗം വരാത്ത വിധത്തിൽ വിട്ടുനല്കാമെന്നും ആവശ്യമായ Technical Support നല്കാമെന്നും കേരള കാർഷിക സർവകലാശാലയും വെറ്ററിനറി& ആനിമൽ സയൻസസ് സർവകലാശാലയും അറിയിച്ചിട്ടുണ്ട്.**<br><br>**ഉദ്യോഗാർത്ഥികൾക്ക് കാർഷിക മേഖലയിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള കാർഷിക സർവകലാശാല അംഗീകൃത കോഴ്സുകൾ നടത്തുന്നതിനും മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയുമായി ചേർന്ന് ബുച്ചറി മാനേജ്മെന്റ് കോഴ്സ് തുടങ്ങുന്നതിനും തീരുമാനിച്ചിരുന്നു.**<br><br>**എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടിൽ ബയോ റിസോഴ്സ് കം അഗ്രോ സർവീസ് സെന്ററിലേക്കുള്ള റോഡ് ഗതാഗത സൗകര്യം പുനഃസ്ഥാപിച്ച്, അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലലഭ്യത എന്നിവ ഉറപ്പ് വരുത്തിയാൽ മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുവാനും പഠിതാക്കളെ ആകർഷിക്കുവാനും നിലവിലുള്ള സാഹചര്യത്തിൽ സാധിക്കുകയുള്ളൂ എന്നും, ടി സ്ഥാപനത്തെ റെസിഡൻഷ്യൽ പരിശീലന** |

| | | | |
|---|---|---|---|
| | | | **കേന്ദ്രമാക്കി മാറ്റുകയും മറ്റ് വകുപ്പുകളുടെ പരിശീലനം സംയോജിപ്പിക്കാവുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.**<br><br>**പ്രസ്തുത സ്ഥാപനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ.ഉ(സാധാ) നം.957/2025/കൃഷി തീയതി 07.10.2025 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് കണ്ണൂർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ(E&T)ക്ക് താത്ക്കാലികമായി അധികച്ചുമതല നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (ബി) | **ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിൽ അഗ്രോ പ്രോസസ്സിംഗ് ആൻഡ് വാല്യൂ അഡിഷൻ (2 സെമസ്റ്റർ), ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാന്റ് ടെക്നോളജി (1 സെമസ്റ്റർ) എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് സ.ഉ.(കൈ) നമ്പർ 26/2021/കൃഷി, തീയതി 13/02/2021 പ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് ASAPന്റെ അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടി എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . സർക്കാർതലത്തിൽ കോഴ്സുകൾ തുടങ്ങുകയാണെങ്കിൽ Guest Faculties -നെ അവരുടെ തനത് ജോലികൾക്ക് ഭംഗം വരാത്ത വിധത്തിൽ വിട്ടുനല്കാമെന്നും ആവശ്യമായ Technical Support നല്കാമെന്നും കേരള കാർഷിക സർവകലാശാലയും വെറ്ററിനറി& ആനിമൽ സയൻസസ് സർവകലാശാലയും അറിയിച്ചിട്ടുണ്ട്.**<br><br>**ഉദ്യോഗാർത്ഥികൾക്ക് കാർഷിക മേഖലയിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള കാർഷിക സർവകലാശാല അംഗീകൃത കോഴ്സുകൾ നടത്തുന്നതിനും മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയുമായി ചേർന്ന് ബുച്ചറി മാനേജ്മെന്റ് കോഴ്സ് തുടങ്ങുന്നതിനും തീരുമാനിച്ചിരുന്നു.**<br><br>**എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടിൽ ബയോ റിസോഴ്സ് കം അഗ്രോ സർവീസ് സെന്ററിലേക്കുള്ള റോഡ് ഗതാഗത സൗകര്യം പുനഃസ്ഥാപിച്ച്, അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലലഭ്യത എന്നിവ ഉറപ്പു വരുത്തിയാൽ മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുവാനും പഠിതാക്കളെ ആകർഷിക്കുവാനും നിലവിലുള്ള സാഹചര്യത്തിൽ സാധിക്കുകയുള്ളൂ എന്നും, ടി സ്ഥാപനത്തെ റെസിഡൻഷ്യൽ പരിശീലന കേന്ദ്രമാക്കി മാറ്റുകയും മറ്റ് വകുപ്പുകളുടെ പരിശീലനം സംയോജിപ്പിക്കാവുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.**<br><br>**പ്രസ്തുത സ്ഥാപനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ.ഉ(സാധാ) നം.957/2025/കൃഷി തീയതി** |

| | | | |
|---|---|---|---|
| | | | **07.10.2025 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് കണ്ണൂർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ(E&T)ക്ക് താത്ക്കാലികമായി അധികച്ചുമതല നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ